**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6742** **21-03-2023 - ൽ മറുപടിയ്ക്ക്**

**വിദ്യാർത്ഥികളിലെ ലഹരി ഉപയോഗം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ഷാഫി പറമ്പിൽ | | ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് വിദ്യാർത്ഥികളിലെ ലഹരി ഉപയോഗം സംബന്ധിച്ച് വിദ്യാഭാസ വകുപ്പ് 2022, 2023 വർഷങ്ങളിൽ എത്ര ബോധവൽക്കരണ ക്ലാസുകൾ നടത്തി എന്ന വിവരം ജില്ല തിരിച്ച് ലഭ്യമാക്കാമോ? | (എ) | കാസർഗോഡ്, വയനാട്, ഇടുക്കി എന്നീ ജില്ലകളിലെ തെരഞ്ഞെടുത്ത ഹയർ സെക്കണ്ടറി വിഭാഗം (പ്ലസ് വൺ, പ്ലസ് ട്ടു) കുട്ടികളിൽ "കൗമാരക്കാരിലെ പദാർത്ഥ ദുരുപയോഗം" എന്ന വിഷയത്തിൽ ഗവേഷണ പഠനം നടത്തി റിപ്പോർട്ട് തയ്യാറാക്കി. ഇതിന്റെ അടിസ്ഥാനത്തിൽ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സോഷ്യൽ ഡിഫൻസ് തയ്യാറാക്കിയ അധ്യാപക പരിശീലന മൊഡ്യൂൾ വയനാട് ജില്ലയിൽ തുടങ്ങി വച്ചെങ്കിലും കോവിഡ് മൂലം ഉണ്ടായ ബുദ്ധിമുട്ടുകൾ കാരണം തുടർ നടപടി സാദ്ധ്യമായില്ല കാസർഗോഡ്, ഇടുക്കി എന്നി ജില്ലകളിൽ കൂടി വ്യാപിപ്പിക്കുന്നതിനായി പ്രൊപ്പോസൽ NISD യ്ക്ക് നൽകിയിട്ടുണ്ട്.<br><br>ലഹരി ബോധവൽക്കരണ പ്രവർത്തനങ്ങളിൽ ഒന്നായ 'കാവലാൾ' എന്ന പരിപാടിയുടെ ഭാഗമായി 1394 ഹയർസെക്കണ്ടറി എൻ.എസ്.എസ്. യൂണിറ്റുക ളിലും ലഹരിവിരുദ്ധ ബോധവൽക്കരണ പ്രവർത്തനങ്ങൾ എക്സൈസ് വകുപ്പിന്റെ സഹകരണത്തോടു കൂടി 2021-2022 വർഷം സംഘടിഷിച്ചിട്ടുണ്ട്. യെല്ലോ ലൈൻ ക്യാമ്പയി( ആരോഗ്യവകുപ്പുമായി ചേർന്ന് ക്യാമ്പസുകളിൽ സ്ഥാപിച്ചിട്ടുള്ള ഹെൽത്ത് ടിപ്പ് ബോർഡിൽ ബോധവൽക്കരണ സന്ദേശങ്ങൾ, ഫ്ലാഷ് മോബുകൾ തുടങ്ങിയവ ഇതിന്റെ ഭാഗായി എൻ.എസ്.എസ്. യൂണിറ്റുകളിൽ സംഘടിപ്പിച്ച വരുന്നു.<br><br>വി.എച്ച്.എസ്.ഇ എൻ.എസ്.എസ്. പ്രവർത്തനങ്ങളുടെ ഭാഗമായി സംസ്ഥാനത്തെ 330 വിദ്യാലയങ്ങളിൽ പുകയില ഉപയോഗം, ആരോഗ്യം, ഭക്ഷണം, ജീവിത ശൈലി എന്നിവ |

| | | | |
|---|---|---|---|
| | | | പ്രമേയമാക്കി സായാഹ്ന കുടുംബ സദസ്സ് സംഘടിപ്പിച്ചിട്ടുണ്ട്.<br><br>2022-23 അദ്ധ്യയന വർഷത്തിൽ എക്സൈസ് വകുപ്പുമായി സഹകരിച്ച് സ്കൂളുകളിൽ വിമുക്തി മിഷൻ മുഖേന ലഹരിക്കെതിരെ ശക്തമായ ക്യാമ്പയിനുകൾ സംഘടിപ്പിച്ചിട്ടുണ്ട്. സ്കൂൾ കുട്ടികൾക്കിടയിലെ ലഹരി ഉപയോഗം നിർത്തലാക്കുന്നതിന്റെ ഭാഗമായി പോലീസ്, ഏക്സൈസ്, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, ആരോഗ്യവകുപ്പ് എന്നിവരുടെ സഹായത്തോടെ വിപുലമായ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നുണ്ട് |

സെക്ഷൻ ഓഫീസർ